പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2814 **28-10-2026-ൽ മറുപടിയ്ക്ക്**

കടലിൽ കാണാതായ മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായങ്ങളുടേയും നഷ്ടപരിഹാരത്തിന്റേയും നിലവിലെ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം കടലിൽ കാണാതാകുന്ന മത്സ്യബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയാണ് ഇൻഷുറൻസ് നഷ്ടപരിഹാരമായി അനുവദിച്ചു വരുന്നത്. കടലിൽ കാണാതായി ഏഴ് വർഷത്തിന് ശേഷം മാത്രമാണ് നിലവിലെ ചട്ടങ്ങൾ പ്രകാരം ഇത്തരം അപേക്ഷകൾ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ, കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിയന്തിര ആശ്വാസ ധനസഹായമായി (ഇൻഷുറൻസ് തുക ലഭിക്കുമ്പോൾ കുറവ് ചെയ്യുമെന്ന വ്യവസ്ഥയിൽ) പരമാവധി 25,000/- രൂപ വരെ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ഉടൻ അനുവദിക്കാറുണ്ട്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് മത്സ്യബന്ധനത്തിനിടെ അപകടമരണം/ കാണാതാകൽ സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പാക്കി വരുന്നു. എന്നാൽ കടലിൽ കാണാതായി ഏഴ് വർഷത്തിന് ശേഷം മാത്രമാണ് നിലവിലെ ചട്ടങ്ങൾ പ്രകാരം ഇത്തരം അപേക്ഷകൾ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(ബി) കാണാതായ മത്സ്യത്തൊഴിലാളിയെ പിന്നീട് മരിച്ചതായി സ്ഥിരീകരിക്കുന്ന സാഹചര്യത്തിൽ കുടുംബത്തിന് നൽകുന്ന നഷ്ടപരിഹാരം ലഭിക്കാൻ എന്തെല്ലാം രേഖകളും നടപടിക്രമങ്ങളും ആവശ്യമാണെന്ന് വിശദമാക്കാമോ;

മറുപടി: മത്സ്യത്തൊഴിലാളികൾ തൊഴിലവസരങ്ങളിൽ കാണാതാകുന്ന വിവരം പ്രാഥമികമായി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും, ഫിഷറീസ് ഓഫീസറെയും അറിയിക്കേണ്ടതാണ്.

തുടർന്ന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി, നിശ്ചിത ഫോറത്തിൽ റവന്യൂ അധികൃതരിൽ നിന്നുമുള്ള മിസ്സിംഗ് സർട്ടിഫിക്കറ്റ്, പോലീസ് റിപ്പോർട്ട്, റവന്യൂ അധികൃതരിൽ നിന്നുമുള്ള ലീഗൽ ഹെയർഷിപ്പ്/ റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് കാണാതായ മത്സ്യത്തൊഴിലാളിയുടെ നിയമാനുസൃത അവകാശികളുടെ നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന എന്നിവയ്ക്ക് പുറമേ ഇൻഷുറൻസ് കമ്പനി ആവശ്യപ്പെടുന്ന മറ്റ് അവശ്യ രേഖകൾ സഹിതം അപേക്ഷ തയ്യാറാക്കി (4 പകർപ്പുകൾ) ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

കാണാതായ മത്സ്യത്തൊഴിലാളിയുടെ മരണം സ്ഥിരീകരിക്കുന്ന സാഹചര്യത്തിൽ, അസ്സൽ മരണ സർട്ടിഫിക്കറ്റ്, പോലീസ് സ്റ്റേഷനിൽ നിന്നുള്ള പ്രാഥമിക വിവര റിപ്പോർട്ട് (എഫ്.ഐ.ആർ) പകർപ്പ്, പോസ്റ്റ്മാർട്ടം സർട്ടിഫിക്കറ്റിന്റെയും ഇൻക്വസ്റ്റ് സർട്ടിഫിക്കറ്റിന്റെയും പകർപ്പുകൾ, പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ ശരീര ഭാഗങ്ങൾ രാസപരിശോധനയ്ക്കായി അയച്ചിട്ടുള്ളതായി രേഖപ്പെടുത്തിയാൽ, രാസപരിശോധന റിപ്പോർട്ട് എന്നിവ സമർപ്പിക്കേണ്ടതാണ്.

മത്സ്യബോർഡ് പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ശേഷം ഇൻഷുറൻസ് കമ്പനിയ്ക്ക് സമർപ്പിച്ച് അർഹരായവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതാണ്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പാക്കി വരുന്നു. കാണാതായ മത്സ്യത്തൊഴിലാളിയെ പിന്നീട് മരിച്ചതായി സ്ഥിരീകരിക്കുന്ന സാഹചര്യത്തിൽ ഇൻഷുറൻസ് തുക ലഭിക്കുന്നതിനായി ടിയാളുടെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(സി) കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളും വള്ളങ്ങളും കണ്ടെത്തുന്നതിനായി സാറ്റലൈറ്റ്, ജി.പി.എസ്., ട്രാക്കിംഗ് സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ടോ;

<u>മറുപടി:</u> കേരളത്തിൽ കടലിൽ പോകുന്ന മത്സ്യബന്ധന ബോട്ടുകളെയും വള്ളങ്ങളെയും കണ്ടെത്തുന്നതിനും അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് രക്ഷാപ്രവർത്തനം എത്തിക്കുന്നതിനും GPS, സാറ്റലൈറ്റ് അധിഷ്ഠിത ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ, എല്ലാ ബോട്ടുകളിലും വള്ളങ്ങളിലും ഈ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടില്ല.

(ഡി) മത്സ്യബന്ധന ബോട്ടുകളിൽ വെസൽ മോണിറ്ററിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ; നിലവിൽ എത്ര ബോട്ടുകളിൽ ഈ സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> നിർബന്ധമാക്കിയിട്ടുണ്ട്. 12.11.2020-ലെ സ.ഉ. (അച്ചടി) നം. 23/2020/മത്സ്യ പ്രകാരം വെസ്സൽ മോണിറ്ററിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്.

സമുദ്ര മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും ഇരുദിശകളിലേയ്ക്കുമുള്ള സന്ദേശങ്ങൾ കൈമാറുന്നതിനുമായി ദേശീയ വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റത്തിന്റെ ഭാഗമായി 3563 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും (Motorised mechanised) 12121 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധന യാനങ്ങളിലും (Motorised Non-mechanised) ഉൾപ്പെടെ ആകെ 15684 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 6709 യന്ത്രവത്കൃതമല്ലാത്ത മത്സ്യബന്ധന യാനങ്ങളിലും, 2695 മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും ട്രാൻസ്പോണ്ടറുകൾ ഇതിനകം ഘടിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. ട്രാൻസ്പോണ്ടർ (Transponder)

എന്നത് ഒരു മത്സ്യബന്ധന യാനത്തിന്റെ തിരിച്ചറിയൽ വിവരങ്ങളും സ്ഥാനവിവരങ്ങളും ഉപഗ്രഹം വഴിയോ റേഡിയോ ആശയവിനിമയ സംവിധാനം വഴിയോ കൈമാറാൻ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണമാണ്.

കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കാനും അപകടസമയങ്ങളിൽ രക്ഷാപ്രവർത്തനം വേഗത്തിലാക്കാനും ട്രാൻസ്പോണ്ടർ സഹായിക്കുന്നു. യാനത്തിന്റെ സ്ഥാനം കണ്ടെത്തുക, അപകടസന്ദേശങ്ങൾ അയയ്ക്കുക, കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുക, സമുദ്രാതിർത്തി സംബന്ധിച്ച മുന്നറിയിപ്പുകൾ ലഭ്യമാക്കുക, മത്സ്യബന്ധനത്തിന് ആവശ്യമായ സഹായങ്ങൾ നൽകുക തുടങ്ങിയവയ്ക്ക് ട്രാൻസ്പോണ്ടർ പ്രയോജനപ്പെടുന്നു.

സെക്ഷൻ ഓഫീസർ